പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1198** **30-06-2026-ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ നീർത്തടാധിഷ്ഠിത ആസൂത്രണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാർഷിക മേഖലയിലെ പുരോഗതിക്കായി നീർത്തടാധിഷ്ഠിത ആസൂത്രണം എത്രത്തോളം പ്രായോഗികമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

**മറുപടി: മണ്ണും ജലവും ജൈവസമ്പത്തും അടങ്ങുന്ന പ്രകൃതി വിഭവങ്ങളുടെ സന്തുലിതവും ശാസ്ത്രീയവുമായ പരിപാലനവും വിനിയോഗവും സുസ്ഥിരമായ കാർഷിക വികസനത്തിന് അനിവാര്യമാണ്. പ്രകൃതി വിഭവ സംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായ മാതൃക നീർത്തടാധിഷ്ഠിത ആസൂത്രണവും പരിപാലനവുമാണെന്ന് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത പദ്ധതി പ്രവർത്തനങ്ങളുടെ ശാസ്ത്രീയമായ വിലയിരുത്തൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് വർഷംതോറും നടത്തിവരുന്നു. കൂടാതെ പദ്ധതിപ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി Centre for Water Resources Development and Management (CWRDM- ജലവിഭവ വികസന വിനിയോഗ കേന്ദ്രം), കോഴിക്കോട് ; Kelappaji College of Agriculture Engineering and Food Technology (KCAEFT), തവനൂർ തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന കാലാകാലങ്ങളിൽ വിലയിരുത്തൽ പഠനങ്ങളും നടപ്പിലാക്കിവരുന്നു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത പദ്ധതികളിലെ വിവിധ ശാസ്ത്രീയ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണൊലിപ്പിന്റെ തോത് കുറയ്ക്കുന്നതിനും ഭൂഗർഭ ജലവിതാന തോത് വർദ്ധിപ്പിക്കുന്നതിനും സാധ്യമായതായി പ്രസ്തുത പഠനങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.**

**(ബി)** മേൽപ്പറഞ്ഞതിനായി കാർഷിക-കർഷക ക്ഷേമ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി: നീർത്തടാടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനും ഭൂവിഭവ സമാഹരണത്തിനും ഊന്നൽ നല്കിയാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. നീർത്തടാടിസ്ഥാനത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ കൃഷി ഭൂമികളിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ, നീർച്ചാൽ സംരക്ഷണ പ്രവർത്തനങ്ങൾ, സംരക്ഷണ കൃഷിമുറകൾ, മഴവെള്ള സംഭരണം എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ കാർഷിക മേഖലയ്ക്കുണ്ടാകുന്ന പുരോഗതി വിലയിരുത്തുന്നതിനായി ശാസ്ത്രീയമായ വിലയിരുത്തൽ പഠനവും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു.**

**(സി)** കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് കൊണ്ട് നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

**<u>മറുപടി:</u> കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് കൊണ്ട് നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സന്നദ്ധമാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, Mahatma Gandhi National Rural Employment Guarantee Scheme (MGNREGS) തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ തുടരുന്നതിനും വ്യാപിപ്പിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.**

**സെക്ഷൻ ഓഫീസർ**